(ഡി) 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ ബാക്കിയുള്ള ഈ വിഭാഗത്തിൽ വരുന്നവർക്ക് രണ്ടാമത്തെ ഗ്രേഡ് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) ബാന്റ് വിഭാഗത്തിലുള്ള പോലീസുകാർക്ക് 7 വർഷം തികയുമ്പോൾ 4000-6090 സ്കെയിലിൽ ഒന്നാമത്തെ ഗ്രേഡും 15 വർഷം സർവ്വീസ് തികയുമ്പോൾ ടെസ്റ്റ് ക്വാളിഫൈ ചെയ്തവർക്ക് 5000-8150 സ്കെയിലിലും ടെസ്റ്റ് ക്വോളിഫൈ ചെയ്യാത്തവർക്ക് 4500-7000 സ്കെയിലിലും രണ്ടാമത്തെ ഗ്രേഡും, 23 വർഷം സർവ്വീസ് തികയുമ്പോൾ ടെസ്റ്റ് ക്വാളിഫൈ ചെയ്യാത്തവർക്ക് 4600-7125 എന്ന സ്കെയിൽ മൂന്നാമത്തെ ഗ്രേഡും ലഭിക്കാൻ അർഹതയുണ്ട്. ടെസ്റ്റ് ക്വാളിഫൈ ചെയ്തവർക്ക് മൂന്നാമത്തെ ഗ്രേഡിന്റെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നതാണ്. ബ്യൂഗ്ലർ വിഭാഗത്തിലുള്ള പോലീസുകാർക്ക് 7 വർഷം സർവ്വീസ് തികയുമ്പോൾ 4000-6090 സ്കെയിലിൽ ഒന്നാമത്തെ ഗ്രേഡും, 15 വർഷം സർവ്വീസ് തികയുമ്പോൾ 4600-7125 സ്കെയിലിൽ രണ്ടാമത്തെ ഗ്രേഡും 23 വർഷം തികയുമ്പോൾ 4600-8000 എന്ന സ്കെയിലിൽ മൂന്നാമത്തെ ഗ്രേഡും നൽകുന്നു.

(സി) ആംഡ് ബറ്റാലിയനിലും, ആംഡ് റിസർവിലും 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ ബാന്റ് വിഭാഗത്തിലെയും ബ്യൂഗ്ലർ വിഭാഗത്തിലെയും ഗ്രേഡിന് അർഹമായ എല്ലാപേർക്കും രണ്ടാമത്തെ ഗ്രേഡ് നൽകിയിട്ടുണ്ട്. 'ജി' പിരിവിനുള്ള മറുപടിയിൽ രണ്ടാമത്തെ ഗ്രേഡിനുള്ള സ്കെയിലുകൾ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ എല്ലാവർക്കും രണ്ടാമത്തെ ഗ്രേഡ് നൽകി വരുന്നുണ്ട്.

നർക്കോട്ടിക് സെൽ രൂപീകരണം

84 (3274) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രൈം ഡിറ്റാച്ചുമെന്റ്, നർക്കോട്ടിക് സെൽ, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡിസ്ട്രിക്ട് ക്രൈം റെക്കോർഡ്സ് ബ്യൂറോ എന്നീ യൂണിറ്റുകൾ രൂപീകരിച്ചത് ഗവൺമെന്റ് ഉത്തരവ് പ്രകാരമാണോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ യൂണിറ്റുകൾ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഉൾപ്പെട്ടതാണോ ;

(സി) ഈ യൂണിറ്റുകൾ ഓരോന്നിന്റെയും അനുവദിച്ചിട്ടുള്ള അംഗസംഖ്യ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പ്രകാരം ഏതു ബ്രാഞ്ചിലെ ഉദ്യോഗസ്ഥരെയാണ് ഇവിടേയ്ക്ക് നിയമിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ്.

(ബി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഒഴികെയുള്ള വിഭാഗങ്ങൾ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ ഉൾപ്പെട്ടതാണ്.

(സി) ക്രൈം ഡിറ്റാച്ച്മെന്റിൽ 17 ജില്ലാ പോലീസ് ഓഫീസുകളിലുള്ള ഓരോ യൂണിറ്റിലും ഉള്ള അംഗസംഖ്യ ചുവടെ ചേർക്കുന്നു.

ഡി.വൈ.എസ്.പി.	1
എച്ച്. സി	3

നർക്കോട്ടിക് സെല്ലിൽ 17 ജില്ലാ പോലീസ് ഓഫീസുകളിലുള്ള ഓരോ യൂണിറ്റിലും അനുവദിച്ചിട്ടുള്ള അംഗസംഖ്യ താഴെപറയുന്നു.

ഡി.വൈ.എസ്.പി.	1
എച്ച്. സി	1

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ അനുവദിച്ചിട്ടുള്ള അംഗസംഖ്യ താഴെപറയും പ്രകാരമാണ്.

ഐ.ജി.പി	1
എസ്.പി	2
ഡി.വൈ.എസ്.പി.	1
സി.ഐ.	7
എസ്.ഐ	9
എച്ച്. സി	33
പി.സി.	31
ഡ്രൈവർ	7

ഡിസ്ട്രിക്ട് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 17 ജില്ലാ പോലീസ് ഓഫീസുകളിലും റെയിൽവേ പോലീസ് ഉൾപ്പെടെ ഓരോ യൂണിറ്റിലും അനുവദിച്ചിട്ടുള്ള അംഗസംഖ്യ താഴെപ്പറയുന്നു.

ഡി.വൈ.എസ്.പി.	1
എസ്.ഐ	2
എച്ച്. സി	5
പി.സി.	4

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ ഒഴികെയുള്ള വിഭാഗങ്ങളിൽ ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിലെ ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ മറ്റു വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെയും നിയമിച്ചുവരുന്നു.

മുല്ലപ്പള്ളി മോഹനൻ ആചാരിയുടെ മരണം

85 (3275) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പള്ളി മോഹനൻ ആചാരിയുടെ മരണം പോലീസ് മർദ്ദനം മൂലമാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമാണ് ;

(സി) കുറ്റക്കാരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് മോഹനന്റെ ഭാര്യയും ബന്ധുക്കളും വിശ്വകർമ്മ സമുദായാംഗങ്ങളും സെക്രട്ടറിയേറ്റ് പടിക്കൽ സമരം നടത്തിയിട്ടുണ്ടോ ;

(ഡി) കുറ്റക്കാരെ എത്രയും വേഗം കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിന് നടപടി എടുക്കുമോ ?

ഉത്തരം

(എ-ഡി) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി എന്ന സ്ഥലത്തുള്ള മോഹനൻ അചാരി എന്നയാൾ പോലീസ് കസ്റ്റഡിയിൽ വച്ച് മരണപ്പെട്ടിട്ടുണ്ട്. 29-6-1999 പകൽ 11 മണിയ്ക്ക് കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചേർത്തോട് ഭാഗത്തു വച്ച് അന്നമ്മ എന്ന സ്ത്രീയുടെ കഴുത്തിൽ കിടന്ന സ്വർണ്ണമാല പൊട്ടിച്ച് ഓടിയ മോഹനനെ നാട്ടുകാർ ഓടിച്ചു പിടിക്കുകയും കീഴ്വായ്പൂർ പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. നാട്ടുകാരുടെ മർദ്ദനത്തെ തുടർന്നാണോ പോലീസിന്റെ മർദ്ദനത്തെ തുടർന്നാണോ ടിയാന് പരിക്ക് പറ്റിയത് എന്ന് സ്ഥിതീകരിച്ചിട്ടില്ല. ക്രൈം ബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി കേസന്വേഷണം നടത്തി വരികയാണ്.

പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക വസതിയുടെ ഗേറ്റിൽ ഉണ്ടായ അപകടം

86 (3276) ശ്രീ. പി. ജെ. ജോയി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ പ്രതിപക്ഷനേതാവിന്റെ ഔദ്യോഗികവസതിയുടെ ഗേറ്റിൽ എന്തെങ്കിലും അപകടമുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച അറിയിപ്പ് പോലീസ് കൺട്രോൾ റൂമിൽ ലഭിച്ചതെന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly